**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2618** **06-10-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം സ്പിന്നിംഗ് മില്ലിലെ തൊഴിലാളികൾക്ക് വേതനവർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം സ്പിന്നിംഗ് മില്ലിൽ സ്റ്റാഫ്, ഓഫീസർ തസ്തികകളിൽ ഒന്നര വർഷമായി വേതനവർദ്ധനവ് നടത്തിയിട്ടും നാളിതുവരെ തൊഴിലാളികൾക്ക് വേതനം വർദ്ധിപ്പിച്ച നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നത്തേക്ക് നടപ്പാക്കാനാകും; വ്യക്തമാക്കാമോ; | (ബി) | ഉദ്ദേശിക്കുന്നുണ്ട്.<br><br>സംസ്ഥാനത്തെ ടെക്സ്റ്റൈൽസ് സ്പിന്നിംഗ് മില്ലുകളിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥ സംബന്ധിച്ചുള്ള ദീർഘകാല കരാർ നിശ്ചയിക്കുന്നത് സംസ്ഥാന ലേബർ കമ്മീഷണർ ചെയർമാനായുള്ള ടെക്സ്റ്റൈൽസ് വ്യവസായ ബന്ധസമിതി (IRC) യുടെ തീരുമാനം / മാർഗ്ഗനിർദ്ദേശപ്രകാരമാണ്.<br><br>സംസ്ഥാനത്ത് ടെക്സ്റ്റൈൽ സ്പിന്നിംഗ് മില്ലുകളിലെ തൊഴിലാളികളുടെ ദീർഘകാല കരാർ അവസാനമായി 21.08.2019 തീയതിയിലാണ് പുതുക്കി നിശ്ചയിച്ചിരുന്നത്. മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിലെ ദീർഘകാല കരാർ 01.03.2021ൽ നടപ്പിലാക്കുകയും അതിന്റെ കാലാവധി 2025 ഫെബ്രുവരി മാസം അവസാനിച്ചിരിയ്ക്കുകയുമാണ്.<br><br>നിലവിൽ സംസ്ഥാനത്തെ ടെക്സ്റ്റൈൽ മില്ലുകളിലെ കാലാവധി കഴിഞ്ഞ ദീർഘകാല കരാർ പുതുക്കുന്നതിനായി മാനേജ്മെന്റും തൊഴിലാളി യൂണിയൻ പ്രതിനിധികളുമായി വ്യവസായ ബന്ധ സമിതി - സബ് കമ്മിറ്റി മുഖേന ചർച്ചകൾ നടന്നു വരികയാണ്.<br><br>IRC യുടെ മാർഗ്ഗനിർദ്ദേശം വരുന്ന മുറയ്ക്ക് മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിൽ ചർച്ച നടത്തി ഉഭയകക്ഷി തീരുമാനപ്രകാരം ദീർഘകാല കരാർ (LTA) നടപ്പാക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | വേതനവർദ്ധനവ് വൈകുന്ന പക്ഷം ഇടക്കാലാശ്വാസം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ദീർഘ കാല കരാർ പുതുക്കുന്നത് സംബന്ധിച്ച് വ്യവസായ ബന്ധ സമിതി മുഖേന ചർച്ചകൾ നടക്കുന്ന സാഹചര്യത്തിൽ ഇടക്കാലാശ്വാസം നൽകുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |
| (ഡി) | മിൽ രജിസ്ട്രാറായ കൈത്തറി ഡയറക്ടറുടെ 16.03.2024 - ലെ ഉത്തരവ് പ്രകാരം മലപ്പുറം സ്പിന്നിംഗ് മില്ലിലെ സ്റ്റാഫ്, ഓഫീസർ തസ്തികകളിൽ വേതനം വർദ്ധിപ്പിച്ചിരുന്നു. അതുപോലെ മിൽ തൊഴിലാളികളുടെ വേതനവും വർദ്ധിപ്പിക്കുന്നത് പരിശോധിക്കുമോ ; വിശദമാക്കുമോ ; | (ഡി) | സംസ്ഥാനത്തെ ടെക്സ്റ്റൈൽസ് സ്പിന്നിംഗ് മില്ലുകളിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥ സംബന്ധിച്ചുള്ള ദീർഘകാല കരാർ നിശ്ചയിക്കുന്നത് സംസ്ഥാന ലേബർ കമ്മീഷണർ ചെയർമാനായുള്ള ടെക്സ്റ്റൈൽസ് വ്യവസായ ബന്ധസമിതി (IRC) യുടെ തീരുമാനം / മാർഗ്ഗനിർദ്ദേശപ്രകാരമാണ്.<br><br>സംസ്ഥാനത്ത് ടെക്സ്റ്റൈൽ സ്പിന്നിംഗ് മില്ലുകളിലെ തൊഴിലാളികളുടെ ദീർഘകാല കരാർ അവസാനമായി 21.08.2019 തീയതിയിലാണ് പുതുക്കി നിശ്ചയിച്ചിരുന്നത്. മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിലെ ദീർഘകാല കരാർ 01.03.2021ൽ നടപ്പിലാക്കുകയും അതിന്റെ കാലാവധി 2025 ഫെബ്രുവരി മാസം അവസാനിച്ചിരിയ്ക്കുകയുമാണ്.<br><br>നിലവിൽ സംസ്ഥാനത്തെ ടെക്സ്റ്റൈൽ മില്ലുകളിലെ കാലാവധി കഴിഞ്ഞ ദീർഘകാല കരാർ പുതുക്കുന്നതിനായി മാനേജ്മെന്റും തൊഴിലാളി യൂണിയൻ പ്രതിനിധികളുമായി വ്യവസായ ബന്ധ സമിതി - സബ് കമ്മിറ്റി മുഖേന ചർച്ചകൾ നടന്നു വരികയാണ്.<br><br>IRC യുടെ മാർഗ്ഗനിർദ്ദേശം വരുന്ന മുറയ്ക്ക് മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിൽ ചർച്ച നടത്തി ഉഭയകക്ഷി തീരുമാനപ്രകാരം ദീർഘകാല കരാർ (LTA) നടപ്പാക്കുന്നതാണ്. |
| (ഇ) | നിലവിൽ ദീർഘകാല കരാർ നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ കരാറിൽ നിന്നും മാനേജ്മെന്റ് പിന്നാക്കം പോകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിൽ 01.03.2021 ൽ നടപ്പാക്കിയ ദീർഘകാല കരാർ 2025 ഫെബ്രുവരി 25ന് അവസാനിച്ചിരിക്കുകയാണ്. എങ്കിലും പുതിയ LTA സംബ ന്ധിച്ച് ചർച്ച ചെയ്ത് നടപ്പാക്കുന്നത് വരെ പഴയ ദീർഘകാല കരാർ പ്രകാരമാണ് മില്ലിന്റെ പ്രവർത്തനം മുന്നോട്ട് പോകുന്നത്.<br><br>ഇതിനിടയിൽ നവീകരണ പദ്ധതിയുടെ ഭാഗമായി ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ മെഷീനുകൾ സ്ഥാപിച്ചപ്പോൾ പരസ്പര ധാരണയോടെ അനിവാര്യമായ ചില മാറ്റങ്ങൾ നടത്തേണ്ടി വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ